# അധ്യായം 6

# നിഗമനങ്ങളും ഉപദർശനങ്ങളും

സ്വാതന്ത്ര്യം മനുഷ്യന്റെ സാർവ്വകാലികവും സാർവ്വലൗകികവുമായ പ്രശ്നങ്ങളിലൊന്നാണ് . വ്യക്തിയുടെ സ്വത്വത്തിന്റെ മുന്നുപാധിയായാണ് അത് പരിഗണിക്കപ്പെടുന്നത്. സാമൂഹികമായ സമ്മതികൾ അനുവദിക്കുന്ന സാധ്യതകൾക്കകത്തു നിന്നുകൊണ്ട് ഓരോ മനുഷ്യനും വ്യത്യസ്ത സ്ഥലകാലസമൂഹങ്ങൾക്കനുസൃതമായി അനുഭവിക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന സ്വത്വബോധത്തെയാണ് സ്വാതന്ത്ര്യം എന്ന പദം കൊണ്ട് വ്യവഹരിക്കുന്നത്. ചരിത്രത്തിൽ മനുഷ്യത്വത്തിന്റെ വളർച്ചയും തളർച്ചയും അടയാളപ്പെടുത്തുന്നത് സ്വാതന്ത്ര്യം എന്ന മൂലകത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷത്തിലാണ് മനുഷ്യത്വം വികാസത്തെ പ്രാപിക്കുന്നത് എന്നതുകൊണ്ടാണത്.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സങ്കല്പനങ്ങൾ പരിണാമിയാണ്. പ്രാകൃതമായ സ്വാതന്ത്ര്യത്തിന്റെ സങ്കുചിതതലങ്ങളിൽ നിന്ന് ജനാധിപത്യസമൂഹത്തിലേക്കുള്ള വളർച്ച തീർത്തും രേഖീയമായ ഒന്നല്ല. സ്വാതന്ത്ര്യത്തിന്റെ സാമൂഹികവും രാഷ്ട്രീയവും ദാർശനികവുമായ മാനങ്ങൾ ഈ വളർച്ചയ്ക്കിടയിൽ രൂപപ്പെട്ടതാണ്. മനുഷ്യന്റെ അടിസ്ഥാനആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, വിനോദം തുടങ്ങിയവ ആവശ്യാനുസരണം ലഭിയ്ക്കാനും മനുഷ്യബന്ധങ്ങളെ സമഗ്രമായി പൂരിപ്പിക്കാനുമുള്ള സാധ്യത, സ്വാതന്ത്ര്യം എന്ന ആശയത്തിലുൾച്ചേർന്നിരിക്കുന്നു. പാരസ്പര്യത്തിലൂന്നിയ ജനാധിപത്യമാണ് സ്വാതന്ത്ര്യത്തിന്റെ മൂർത്തമായ പ്രയോഗം. നിരന്തരമായി നടക്കേണ്ട പ്രക്രിയയിലൂടെയാണ് ഓരോ വ്യക്തിയും ആത്മബോധത്തിന്റെ സാധ്യതകൾ തിരിച്ചറിയുന്നത്. ഓരോ വ്യക്തിയ്ക്കും സ്വത്വത്തിന്റെ സാധ്യതകൾ വികസിപ്പിക്കാനാവശ്യമായ അവസരം ഒരുക്കിക്കൊടുക്കുമ്പോഴാണ് ഒരു സമൂഹം സ്വതന്ത്രമാവുന്നത്.

മനുഷ്യന് സാധ്യമാവുന്ന സ്വാതന്ത്ര്യത്തിന്റെ പരിധി, വലിയ ദാർശനിക പ്രശ്നങ്ങളിലൊന്നാണ്. ജീവിതത്തെ ആകമാനം ചൂഴ്ന്നു നില്ക്കുന്ന അരക്ഷിതത്വം, മരണവ്യഥ, നിസ്സഹായതാബോധം, മുതലായവയെല്ലാം മനുഷ്യൻ അനുഭവിക്കുന്ന പാരതന്ത്ര്യബോധത്തിന്റെ ലക്ഷണങ്ങളാണ്. ഈ പാരതന്ത്ര്യബോധം മനുഷ്യനെ തന്നി

ലേക്കു തന്നെ ഉൾവലിയാനോ, ജീവിതത്തെ ചുറ്റിനില്ക്കുന്ന അനിശ്ചിതത്വത്തിനെതിരെയുള്ള ക്രിയാകലാപമായി ജീവിതത്തെ പരിവർത്തിപ്പിക്കാനോ പ്രേരിപ്പിക്കും.

സ്വാതന്ത്ര്യത്തിന് വൈവിധ്യമാർന്ന മാനങ്ങളുണ്ട്. രാഷ്ട്രീയവും സാമൂഹികവും ദാർശനികവും മറ്റുമായ അർത്ഥതലങ്ങളുടെ വിശകലനം ഇപ്രകാരം സംഗ്രഹിക്കാം.

ഒരു ജനതയുടെ സുരക്ഷിതത്വത്തേയും അവകാശങ്ങളേയും സംബന്ധിക്കുന്ന ചിന്തയും പ്രവൃത്തിയുമാണ് രാഷ്ട്രീയം. ഭരണപരമായ സ്വയം നിർണയാവകാശം രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. മനുഷ്യചരിത്രത്തിലെ രാഷ്ട്രീയഘടനകളോരോന്നും സ്വാതന്ത്ര്യത്തെ സംബന്ധിച്ച് വ്യത്യസ്തസങ്കല്പങ്ങൾ പുലർത്തുന്നവയാണ്. വർഗ്ഗപരമായ ചൂഷണം നിലനിന്നിരുന്ന ഫ്യൂഡൽ സമൂഹഘടനയിൽ ജനതയുടെ ഒരു വലിയ വിഭാഗത്തിന് സ്വാതന്ത്ര്യം അതിന്റെ സാമാന്യഅർത്ഥത്തിൽ പോലും അന്യമായിരുന്നു. ഫ്യൂഡൽഘടനയിലെ വിധേയമനുഷ്യന്റെ സ്വാതന്ത്ര്യബോധം പരിമിതമായ ചുറ്റളവുകളിൽ ബന്ധിക്കപ്പെട്ടതായിരുന്നു. ഈ പരിമിതികളെ തിരിച്ചറിയാൻ കഴിയാത്തവിധം വിധേയബോധത്തെ പ്രക്ഷേപിക്കാൻ പ്രസ്തുത രാഷ്ട്രീയഘടനയ്ക്കു സാധിച്ചു.

ആധുനികമുതലാളിത്തവ്യവസ്ഥയും ചൂഷണാധിഷ്ഠിതമൂല്യങ്ങളിൽ തന്നെയാണ് നിലയുറപ്പിച്ചത്. ഫ്യൂഡലിസത്തിൽ ചൂഷകപദവി ജൻമായത്തമായിരുന്നെങ്കിൽ മുതലാളിത്തവ്യവസ്ഥയിൽ അത് കർമ്മായത്തമായി മാറി. വ്യക്തിപരതയ്ക്ക് പ്രാധാന്യം വർധിച്ചു. വ്യക്തിയുടെ സാധ്യതകൾക്ക് വില കല്പിക്കാത്ത പരമ്പരാഗത അധീശഘടനകളെ മുതലാളിത്തം തിരസ്ക്കരിച്ചു. വ്യക്തിവികാസത്തിലൂന്നിയ ഈ സ്വാതന്ത്ര്യസങ്കല്പം സാമൂഹികനീതിയുടെ അടിസ്ഥാനത്തിലുള്ള ഒന്നായിരുന്നില്ല. വ്യക്തി ഇവിടെ ഒരു സാമൂഹ്യജീവിയല്ല. മുതലാളിത്ത രാഷ്ട്രീയഘടനയിൽ നിന്നുള്ള പരിവർത്തനമായി വന്ന സോഷ്യലിസ്റ്റ് രാഷ്ട്രീയഘടനയിൽ സ്വാതന്ത്ര്യം എന്നത് വ്യഷ്ടിയുടെ തലത്തിൽ നിന്ന് സമഷ്ടിയുടെ തലത്തിലേക്കു മാറി. വ്യക്തിയുടെ സ്വാതന്ത്ര്യം ഇവിടെ ശക്തമായ സാമൂഹികാധികാരത്താൽ നിയന്ത്രിതമാണ്. പാർലിമെന്ററി ജനാധിപത്യത്തിൽ ദേശരാഷ്ട്രത്തിന്റേയോ ഭരണകൂടത്തിന്റേയോ യുക്തികൾക്ക് അനുസൃതമായാണ് വ്യക്തിസ്വാതന്ത്ര്യം ക്രമീകരിക്കപ്പെടുന്നത്.

സ്വാതന്ത്ര്യത്തിന്റെ സാമൂഹികപരിപ്രേക്ഷ്യം പരിണാമിയാണ്. വ്യക്തിയും സമൂഹവും തമ്മിൽ പ്രത്യക്ഷവും പരോക്ഷവുമായി നടക്കുന്ന നിരന്തരസംഘർഷങ്ങൾ

സ്വാതന്ത്ര്യബോധത്തെ നവീകരിക്കുന്നുണ്ട്. ക്രിയാത്മകമായ സംഘർഷങ്ങളാണ് സമൂഹത്തെ യാഥാസ്ഥിതികതയിൽ നിന്ന് മോചിപ്പിക്കുന്നത്. ജീവിക്കുന്ന ഓരോ സമൂഹത്തിലും വ്യക്തിയുടെ സ്ഥാനവും സ്വാതന്ത്ര്യവും നിരന്തരമായി പുനർനിർണയിക്കപ്പെട്ടുകൊണ്ടിരിക്കും.

സ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന ദാർശനികാന്വേഷണങ്ങൾ നിശ്ചിതവും കൃത്യവുമായ ഉത്തരങ്ങളിലെത്തിച്ചേരുന്നതല്ല. മനുഷ്യന്റെ സ്വയം നിർണയാവകാശമാണ് സ്വാതന്ത്ര്യം. വ്യക്തിയുടെ ഓരോ ക്രിയയിലും ഒരു തെരഞ്ഞെടുപ്പും ഉത്തരവാദിത്തവും അടങ്ങിയിരിക്കുന്നു. സ്വാതന്ത്ര്യം ഇവയാൽ നിർണയിക്കപ്പെടുന്നുണ്ട്. സ്വാതന്ത്ര്യവും തജ്ജന്യമായ ഉത്തരവാദിത്തവുമാണ് മനുഷ്യനെ ക്രിയോൻമുഖനാവാൻ പ്രേരിപ്പിക്കുന്നത്.

വ്യക്തിയ്ക്ക് ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അളവുകോലാണ് ഏതൊരു സാമൂഹ്യസ്ഥാപനത്തിന്റേയും മേൻമ നിർണയിക്കുന്നത് എന്നതാണ് സ്വാതന്ത്ര്യത്തെക്കുറിക്കുന്ന മാനവികവാദ കാഴ്ചപ്പാട്. വ്യക്തിയുടെ സ്വാതന്ത്ര്യഗതിയെ ത്വരിതപ്പെടുത്തുന്നതാവണം സമൂഹഘടന.

നൈസർഗ്ഗികവികാരങ്ങളുടെ സ്വാഭാവികവികാസത്തേയും സ്വാവബോധത്തെയുമാണ് സ്വാതന്ത്ര്യത്തിന്റെ ആദർശങ്ങളായി കാല്പനികർ കണക്കാക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ ആദർശാത്മകതയിലാണ് കാല്പനികത ഊന്നുന്നത്.

സ്വാതന്ത്ര്യബോധം സംസ്ക്കാരത്തിന്റെ പ്രചോദനങ്ങളിൽ ഒന്നാണ്. സംസ്ക്കാരത്തിന്റെ സൂക്ഷ്മഗതിക്കനുസരിച്ച് സ്വാതന്ത്ര്യബോധവും ജാഗ്രത്തായ ഒരു നവീകരണപ്രക്രിയയിലൂടെ ആന്തരവികാസത്തിന് സന്നദ്ധമാവുന്നുണ്ട്. സാഹിത്യകൃതികളുടെ സാംസ്കാരികവിശകലനത്തിലൂടെ ഇത് സൂക്ഷ്മമായി മനസ്സിലാക്കാനാവും. വ്യക്തിയും സമൂഹവും തമ്മിലുള്ള സങ്കീർണമായ ബന്ധത്തിന്റെ ആഖ്യാനങ്ങളുൾക്കൊള്ളുന്ന മലയാളനോവലുകൾ മലയാളിയുടെ സ്വാതന്ത്ര്യബോധത്തിന്റെ പരിണാമസ്വഭാവം അടയാളപ്പെടുത്തുന്നുണ്ട്. ഉറൂബിന്റെ കാലം വരെയുള്ള മലയാളനോവൽസാഹിത്യത്തിലെ സ്വാതന്ത്ര്യസങ്കല്പങ്ങളുടെ ആഖ്യാനങ്ങളിൽ നിന്ന് താഴെപ്പറയുന്ന നിഗമനങ്ങളിലെത്താനാവും.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർധം, കേരളം ഏറെ സാമൂഹ്യമാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലമാണ്. ജൻമിത്തത്തിന്റേയും അനുബന്ധക്രമങ്ങളുടേയും തകർച്ച, യൂറോപ്യൻവിദ്യാഭ്യാസത്തിന്റേയും മിഷണറിപ്രവർത്തനങ്ങളുടേയും

വ്യാപനം, സാക്ഷരതയുടെയും  അച്ചടിയുടെയും വായനയുടെയും വളർച്ച, വ്യവസായങ്ങളുടെ സ്ഥാപനവും അനുബന്ധതൊഴിലുകളും, സർക്കാർതലത്തിലുണ്ടായ ഉദ്യോഗങ്ങളുടെ വർധനവ് തുടങ്ങിയവ ഒരു സാമൂഹികനവോത്ഥാനത്തിന് പ്രേരണകളായി. ഈ നവോത്ഥാനത്തെ ആദ്യകാല മലയാള നോവലുകൾ പിന്തുടരുന്നുണ്ട്.

മലയാളനോവലിന്റെ ആദിമാതൃകകളിലൊന്നായ 'ഘാതകവധം' (1878) മനുഷ്യനായി ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങളുടെ ആഖ്യാനമാണ്. വിദ്യാഭ്യാസത്തെ ഉപാധിയായി സ്വീകരിച്ച മിഷണറി പ്രവർത്തനങ്ങളുടെ വ്യാപനവും അച്ചടിയുടെ വികാസത്തിലൂടെ ഉദയം കൊണ്ട ഒരു പുതിയ വായനാസമൂഹത്തിന്റെ സാന്നിധ്യവും 'ഘാതകവധം' തുറന്നു വെക്കുന്നുണ്ട്.  നോവലിന്റെ അന്ത്യത്തിൽ ജാതീയമായ ഉച്ചനീചത്വങ്ങൾ അട്ടിമറിക്കപ്പെടുന്നു.

നവോത്ഥാനത്തിന്റെ ഭാഗമായ യുക്തിചിന്ത സമൂഹത്തിൽ വ്യാപിക്കാൻ തുടങ്ങുന്നതിന്റെ ഒരു ചിത്രം, ആദ്യനോവൽമാതൃകകളിലൊന്നായ 'പുല്ലേലിക്കുഞ്ചു' (1882) വിൽ കാണാം. യുക്തിയുക്തമായ  വാദങ്ങളിലൂടെ സ്വന്തം വീക്ഷണഗതികളെ പരസ്പരം ബോധ്യപ്പെടുത്തുന്ന സംവാദരീതിയിലാണ് ഈ നോവൽ രചിക്കപ്പെട്ടിരിക്കുന്നത്. സ്വതന്ത്രചിന്തയുടെ വളർച്ചയെ ഇത് സൂചിപ്പിക്കുന്നു. വ്യക്തിവാദത്തിന്റെ ഉണർച്ചയുടെ ചില സൂചനകൾ 1887-ൽ പുറത്തിറങ്ങിയ 'കുന്ദലത' യിലും കാണാം.

യൂറോപ്യൻ നവോത്ഥാനത്തിന്റെ വെളിച്ചത്തിൽ സ്വത്വത്തേയും പാരമ്പര്യത്തേയും വിമർശനാത്മകമായി വിലയിരുത്തി ഒരു സമന്വയത്തിലെത്തിച്ചേരാനാണ് ചന്തുമേനോൻ 'ഇന്ദുലേഖ' (1889) യിലൂടെ ശ്രമിക്കുന്നത്. പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്കാരങ്ങളുടെ ഗുണാത്മകമായ സമന്വയം, നോവലിലെ കഥാപാത്രങ്ങളിലൂടെ ആവിഷ്ക്കരിക്കപ്പെടുന്നു. സ്ത്രീസ്വാതന്ത്ര്യവും ഈ നോവലിൽ പ്രശ്നവല്ക്കരിക്കുന്നുണ്ട്. സംബന്ധം പോലുള്ള പ്രഹസനങ്ങളുടെ നേർക്ക് ശക്തമായ വിമർശനമുന്നയിക്കാൻ മാത്രം വളർച്ച പ്രാപിച്ച സ്വാതന്ത്ര്യബോധത്തിന്റെ സാന്നിധ്യം നോവലിൽ കാണാം. കേന്ദ്രീകൃതസാമൂഹ്യവ്യവസ്ഥയിൽ നിന്ന് വ്യക്തിപ്രധാനമായ നഗരസാമൂഹ്യവ്യവസ്ഥയിലേക്കുള്ള മാറ്റം, നോവൽ അവതരിപ്പിക്കുന്നുണ്ട്. വ്യക്തിവാദം ഉയർത്തിപ്പിടിക്കുന്ന സ്വാതന്ത്ര്യപ്രഖ്യാപനമാണ് ഈ മാറ്റത്തിലുള്ളത്. 'ശാരദ'യും മനുഷ്യന്റെ വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്ന നോവലാണ്. സാമ്പത്തിക സ്വാതന്ത്ര്യവും ബൗദ്ധികസ്വാതന്ത്ര്യവും തമ്മിലുള്ള പാരസ്പര്യം ചന്തുമേനോൻ ഈ നോവലിലൂടെ അവതരിപ്പിക്കുന്നു.

സി. വി.രാമൻപിള്ളയുടെ ചരിത്രനോവൽത്രയം-മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജാബഹദൂർ-സ്വതന്ത്രമായ ഒരു രാഷ്ട്രീയദർശനം അവതരിപ്പിച്ച കൃതികളാണ്. വ്യക്തിസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്ന ഒരു രാഷ്ട്രീയാന്തരീക്ഷം തിരുവിതാംകൂറിൽ രൂപപ്പെട്ടപ്പോൾ, തിരുവിതാംകൂർ ചരിത്രത്തിലെ മഹാപുരുഷൻമാരെ അവതരിപ്പിച്ചു കൊണ്ടുതന്നെ ജനങ്ങളിൽ സ്വാതന്ത്ര്യബോധവും പൗരസമൂഹത്തെ ഗൗരവത്തോടെ ഉൾക്കൊള്ളാനാവുന്ന രാഷ്ട്രബോധവും വികസിപ്പിക്കാനാണ് തന്റെ നോവലുകളെ സി. വി. ഉപയോഗിച്ചത്.

തിരുവിതാംകൂറിലെ രാഷ്ട്രീയകാലാവസ്ഥയേയും ഭരണസംബന്ധമായ വൈകല്യങ്ങളേയും വിമർശിക്കുന്ന ആദ്യത്തെ രാഷ്ട്രീയ നോവലുകളായിരുന്നു കെ. നാരായണക്കുരുക്കളുടെ 'പാറപ്പുറം', 'ഉദയഭാനു', 'സത്യഗ്രാഹി,' എന്നിവ. ആധ്യാത്മികതയിലും ധാർമ്മികതയിലുമൂന്നിയ യഥാർത്ഥരാഷ്ട്രീയസ്വാതന്ത്ര്യത്തെയാണ് നാരായണക്കുരുക്കൾ തന്റെ നോവലുകളിലൂടെ ലക്ഷ്യമാക്കുന്നത്. കുന്നുകുഴിയിൽ കൊച്ചുതൊമ്മന്റെ 'പരിഷ്ക്കാരപ്പാതി,' പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം', മുത്തിരിങ്ങോടിന്റെ 'അപ്ഫന്റെ മകൾ' എന്നിവ ഒരു സ്വതന്ത്രസമൂഹത്തിലേക്കുള്ള വളർച്ചയെ അടയാളപ്പെടുത്തുന്ന നോവലുകളാണ്.

മലയാളനോവലിലെ രണ്ടാംതലമുറ, സാമൂഹ്യയാഥാർത്ഥ്യങ്ങളെ ആഴത്തിൽ സ്പർശിച്ചു കൊണ്ടുതന്നെ സ്വതന്ത്രസമൂഹത്തെക്കുറിച്ചുള്ള ഒരു പ്രത്യാശാബോധം നിലനിർത്തിയിരുന്നവരാണ്. കേരളീയസമൂഹത്തിലെ കീഴാളജനവർഗ്ഗങ്ങളുടെ ജീവിതമാണ് തകഴിയുടെ നോവലുകളിലെ സാമൂഹികയാഥാർത്ഥ്യം. സാമൂഹ്യബന്ധങ്ങളിൽ വരുന്ന മാറ്റങ്ങളിലൂടെ ജീവിതത്തിൽ കുറെക്കൂടി സ്വതന്ത്രവും വിശാലവുമായ ഇടങ്ങൾ നിർമ്മിക്കപ്പെടുന്നത് തകഴി ആവിഷ്ക്കരിക്കുന്നു. മാനവികസ്വാതന്ത്ര്യത്തെ മുൻനിർത്തി, വ്യവസ്ഥിതിയോടുള്ള ശക്തമായ വിയോജിപ്പുകളുമായാണ് കേശവദേവിന്റെ നോവലുകൾ വരുന്നത്. സ്വാതന്ത്ര്യത്തിന്റെ സാമൂഹികതലമാണ് ഈ നോവലുകളിൽ മുൻഗണന നേടുന്നത്. സമൂഹത്തിലെ വ്യക്തിയെ നിർവചിക്കാനുള്ള ശ്രമങ്ങൾ വൈക്കം മുഹമ്മദ് ബഷീറിന്റെ നോവലുകളിൽ കാണാം. സാമൂഹ്യയാഥാർത്ഥ്യങ്ങൾ മനുഷ്യന്റെ അടിസ്ഥാനവികാരങ്ങളേയും സ്വാതന്ത്ര്യത്തേയും എങ്ങനെ ബാധിക്കുന്നു എന്നാരായാനാണ് ബഷീറിന്റെ നോവലുകൾ ശ്രമിക്കുന്നത്. സമൂഹക്രമഭംഗത്താൽ ചിതറിപ്പോകുന്ന ജീവിതങ്ങളേയും അവയുടെ അനുഭവങ്ങളേയുമാണ് എസ്. കെ. പൊറ്റെക്കാട്ടിന്റെ നോവലുകൾ ആവിഷ്ക്കരിക്കുന്നത്. മനുഷ്യസ്വാതന്ത്ര്യത്തെ പരിമി

തപ്പെടുത്തുന്ന ഭൗതികവും അതിഭൗതികവുമായ തലങ്ങൾ ഈ നോവലുകൾ ഉന്നയിക്കുന്നുണ്ട്.

കേരളത്തിലെ സാമൂഹികനവോത്ഥാനത്തോടൊപ്പമാണ് മലയാളനോവൽ സാഹിത്യത്തിന്റെയും ഉയിർപ്പ്. നവോത്ഥാനപ്രവണതകളുടെ ആഖ്യാനങ്ങളായാണ് ശ്രദ്ധേയമായ നോവലുകളോരോന്നും രചിക്കപ്പെട്ടത്. സ്വാതന്ത്ര്യബോധത്തിന്റെ നവീകരണചരിത്രം മലയാളനോവൽസാഹിത്യത്തിൽ ഉള്ളടങ്ങിയിരിക്കുന്നു എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. 'ഘാതകവധം' തൊട്ട് 'ഒരു ദേശത്തിന്റെ കഥ' വരെയുള്ള നോവലുകൾ പരിശോധിക്കുമ്പോൾ ബോധനവീകരണം ഒരു രേഖീയമായ വികാസമല്ല എന്നു കാണാനാവും. സ്വാതന്ത്ര്യത്തിന്റെ ഭിന്നാർത്ഥങ്ങൾ എക്കാലത്തുമുണ്ടായിരുന്നു. സാമൂഹികക്രമത്തിനനുസരിച്ച് ചില മാനങ്ങൾ കൂടുതൽ തെളിച്ചപ്പെടുന്നു എന്നു മാത്രം. വ്യക്തിയുടെ ഇച്ഛകളുടെ പൂർത്തീകരണം സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യമായപ്പോൾ, വർഗ്ഗങ്ങൾ തമ്മിലുള്ള സംഘർഷത്തിന് സമാന്തരമായി വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷവും രൂപപ്പെടുന്നുണ്ട്. ഈ സംഘർഷത്തിൽ വ്യക്തിയുടെ നിലപാടുകളെ സഹാനുഭൂതിയോടെ നോക്കിക്കണ്ടവരാണ് തകഴി മുതൽ പൊറ്റെക്കാട്ട് വരെയുള്ള എഴുത്തുകാർ. ഇതോടെ വ്യക്തിയുടെ സ്വത്വവിശേഷങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൈവരുന്നുണ്ട്. സ്വത്വത്തിന്റെ ഈ ഉയിർപ്പ് കൂടുതൽ സൂക്ഷ്മമായ ആവിഷ്ക്കാരങ്ങളിലേക്കെത്തുന്നത് ഉറൂബിന്റെ നോവലുകളിലാണ്.

മനസ്സിന്റെ സഹജഭാവങ്ങളെ അവയർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കാനും വിലയിരുത്താനും സാധിക്കുന്ന ഒരു സ്വാതന്ത്ര്യബോധം ഉറൂബിന്റെ നോവലുകളിലുണ്ട്. മനസ്സിന്റെ സഹജപ്രതികരണങ്ങളെ കണക്കിലെടുക്കുമ്പോൾ ഓരോ മനുഷ്യനും ഏകാകിയാണ്. ഈ ഏകാകിതയാണ് സൂക്ഷ്മാർത്ഥത്തിൽ മനുഷ്യവ്യക്തിത്വത്തിനടിസ്ഥാനം. അതു കൊണ്ടു തന്നെ ഉറൂബിന്റെ കഥാപാത്രങ്ങളോരോരുത്തരും തനതായ വ്യക്തിത്വമുള്ളവരാണ്. ആ വ്യക്തിത്വത്തിന്റെ സൂക്ഷ്മപ്രേരണകൾ സ്വാതന്ത്ര്യം എന്ന മാനവികപ്രശ്നവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഈ കഥാപാത്രങ്ങളുടെ മാനസികലോകവും ജീവിതവ്യവഹാരങ്ങളും സ്വാതന്ത്ര്യപ്രകാശനത്തിന്റെ ഭിന്നമുഖങ്ങൾ വ്യക്തമാക്കുന്നുണ്ട്.

വ്യക്തിയുടെ സഹജമായ അഭിലാഷങ്ങളും സമൂഹത്തിന്റെ നൈതികബോധവും തമ്മിലുള്ള സംഘർഷം എക്കാലത്തും നിലനിന്നിരുന്നു. എന്നാൽ മാനവികവാദ കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ ഈ സംഘർഷം സമൂഹത്തിന്റെ സ്വാതന്ത്ര്യസങ്കല്പങ്ങളിൽ ഗുണാത്മകമായ സ്വാധീനം ചെലുത്തുകയുണ്ടായി. ഉറൂബിന്റെ കഥാപാ

ത്രലോകത്തെ നിയന്ത്രിക്കുന്ന അടിസ്ഥാനസ്വാതന്ത്ര്യബോധം, സംസ്കാരത്തിലെ ഈ തുടർസംഘർഷങ്ങളിൽ നിന്നാണ് ഊർജ്ജം നേടുന്നത്. അതു കൊണ്ടാണ് സമകാലി കരായ തകഴിയും കേശവദേവും മറ്റും പ്രതിനിധാനം ചെയ്തിരുന്ന യാഥാതഥ്യപ്രവ ണതകളിൽ നിന്ന് ഏറെക്കുറെ അകന്ന് മനുഷ്യമനസ്സിന്റെ ആന്തരവൈചിത്ര്യങ്ങളി ലേക്കും പ്രതികരണങ്ങളിലേക്കും ഉറൂബ് ശ്രദ്ധ കേന്ദ്രീകരിച്ചത്. മനസ്സിന്റെ അനന്ത വൈചിത്ര്യങ്ങളുടെ സഹാനുഭൂതിയോടെയുള്ള കാഴ്ചയാണ് ഉറൂബ് അവതരിപ്പിക്കു ന്നത്.

വ്യക്തിയുടെ ഇച്ഛകളും സമൂഹത്തിന്റെ വ്യവസ്ഥകളും തമ്മിലുണ്ടാകുന്ന സംഘർഷത്തിൽ വ്യക്തി നേടുന്ന വിജയവും പരാജയവും ഒരു പോലെ ദുരന്ത പൂർണമാവുന്ന കാഴ്ചകൾ ഉറൂബിന്റെ കഥാപാത്രലോകത്തുണ്ട്. പരാജയത്തിലുള്ള നിസ്സഹായതാബോധത്തോടൊപ്പമോ അതിനേക്കാളേറേയോ തീവ്രമാണ് വിജയത്തെ ത്തുടർന്നുണ്ടാവുന്ന ധാർമ്മികസംഘർഷം. സമൂഹനൈതികത വ്യക്തിയുടെ മേൽ നേടുന്ന ആധിപത്യമാണ് ഈ ധർമ്മസങ്കടത്തിനു കാരണം. വ്യക്തി സ്വാതന്ത്ര്യ ത്തിന്റെ വലിയ പരിമിതിയാണ് ഇവിടെ പ്രകടമാവുന്നത്. കഥാപാത്രങ്ങളുടെ സത്യ സന്ധമായ ആവിഷ്ക്കരണത്തിലൂടെ അവരുടെ നേർക്ക് ഉറൂബ് സൃഷ്ടിക്കുന്ന സഹാ നുഭൂതി, സ്വാതന്ത്ര്യത്തിന്റെ പരിമിതിയുമായി ബന്ധപ്പെട്ടുള്ളതാണ്. ഇത്തരം കഥാപാ ത്രങ്ങളുടെ ആഹുതിയിലൂടെ സമൂഹത്തിന്റെ നൈതികബോധത്തിലുണ്ടാവേണ്ട പരി വർത്തനമാണ് ഉറൂബ് ലക്ഷ്യമാക്കുന്നത്.

ഉറൂബിന്റെ മിക്ക കഥാപാത്രങ്ങൾക്കും മതം, ജീവൽപ്രധാനമായ അസ്തിത്വ പ്രശ്നമല്ല. ഹിന്ദുവായാലും മുസ്ലിമായാലും മനുഷ്യരെപ്പോലെ ജീവിക്കുക എന്ന താണ് പ്രധാനം. ജാതിയുടെയോ മതത്തിന്റേയോ വർഗ്ഗത്തിന്റെയോ പരിമിത ഇടങ്ങ ളുടെ അതിരുകൾ മായ്ച്ച് പൊതു ഇടങ്ങളുടെ വിശാലസ്വാതന്ത്ര്യത്തിലേക്ക് ഇറങ്ങിന ടക്കുന്നതിന്റെ ആഹ്ലാദം ഒട്ടേറെ കഥാപാത്രങ്ങളിൽ കാണാം. വർഗ്ഗീകരണത്തിന്റെ പരി മിതികളെ ഉല്ലംഘിക്കാൻ പോരുന്ന ഈ മാനവികബോധം ഉറൂബിന്റെ സ്വാതന്ത്ര്യദർശ നത്തിന്റെ കാതലാണ്.

അധീശരൂപങ്ങളോടുള്ള കലഹം, ഉറൂബിന്റെ മിക്ക കഥാപാത്രങ്ങളുടെയും സ്വാതന്ത്ര്യബോധത്തെ വ്യക്തമാക്കുന്നുണ്ട്. വംശമഹിമ, പിതൃപാരമ്പര്യം, തറവാ ടിത്തം തുടങ്ങി വ്യക്തിത്വത്തിന്റെ വികാസസാധ്യതകളെ അടച്ചുകളയുന്ന സാമൂ ഹികഏകകങ്ങളെ നിഷേധിച്ചുകൊണ്ട് സ്വത്വത്തിന് സ്വതന്ത്രവും നിരപേക്ഷവുമായ ആധാരമാണ് ഈ കഥാപാത്രങ്ങൾ തേടുന്നത്. സാമ്പ്രദായികതയുടെ കീഴ്മറിയലിലൂ

ടെയാണ് ഇവരുടെ വ്യക്തിത്വമാതൃകകൾ രൂപപ്പെടുന്നത്. സാമ്പ്രദായികതയെ തിരസ്ക്കരിക്കാൻ പ്രേരകമാവുന്നത് സ്വാതന്ത്ര്യബോധവുമാണ്.

പരമ്പരാഗതമായ കുടുംബസമൂഹഘടനകൾക്കുള്ളിൽ വ്യക്തികൾ അനുഭവിക്കുന്ന സ്വാതന്ത്ര്യപ്രശ്നങ്ങൾ ഉറൂബിന്റെ മുഖ്യപരിഗണനാവിഷയമാണ്. അധീശഘടനകളെ ഭേദിച്ച് സ്വതന്ത്രമായ ആത്മാവിഷ്ക്കാരം നടത്തുക എന്നത് ഏറെ സങ്കീർണമായ ജീവിതവ്യവഹാരങ്ങളിലേക്കാണ് ഉറൂബിന്റെ കഥാപാത്രങ്ങളെ നയിക്കുന്നത്.

വ്യവസ്ഥാപിതസ്വത്വബോധത്തിൽ നിന്ന് സ്വതന്ത്രകർതൃത്വത്തിലേക്ക് പരിണമിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ ഉറൂബിന്റെ നോവലുകളിൽ മുഖ്യസ്ഥാനം നേടുന്നുണ്ട്. സമൂഹഘടനയിലെ പുരുഷനിർണീതമായ നീതികൾക്ക് വഴിപ്പെടുമ്പോഴും മനസ്സിൽ ഒരു സ്വാതന്ത്ര്യ കലാപത്തിന്റെ അഗ്നി സൂക്ഷിക്കുന്നവരും, സമൂഹബോധത്തെ മറികടന്നും സ്വത്വത്തിന്റെ സഹജമായ ഉയിർപ്പിനെ സാക്ഷാൽക്കരിക്കുന്നവരും, നിരന്തരമായ ആത്മസംഘർഷങ്ങളിലൂടെ നിഷേധാത്മകമൂല്യങ്ങളിലേക്കും സ്ത്രൈണസത്തയുടെ വിധ്വംസകഭാവത്തിലേക്കും എത്തിച്ചേരുന്നവരും ഈ കഥാപാത്രങ്ങളിലുണ്ട്. അടിച്ചമർത്തലിനോടുള്ള പ്രതിഷേധം പലപ്പോഴും വ്യവസ്ഥാപിതസമൂഹഘടനയുടെ നിരാകരണത്തിലേക്കു വരെ എത്തിച്ചേരുന്നു.

സ്വാതന്ത്ര്യത്തെ പ്രമേയവല്ക്കരിക്കുന്ന ഉറൂബിന്റെ എല്ലാം നോവലുകളിലും പ്രണയം ഒരു നിതാന്തസാന്നിധ്യമാണ്. വ്യക്തികളുടെ സ്വത്വവികാസത്തിന്റെ ദിശയും സ്വഭാവവും നിർണയിക്കുന്ന ഘടകമായി പ്രണയം ഈ നോവലുകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സ്വത്വം അംഗീകരിക്കപ്പെടണമെന്നും വിമോചിതമാകണമെന്നും ആഗ്രഹിക്കുന്ന നിരവധി കഥാപാത്രങ്ങൾ പ്രണയത്തിന്റെ സ്വതന്ത്രവഴികളിലൂടെ സഞ്ചരിക്കാനും വിജയങ്ങളേയും പരാജയങ്ങളേയും പുല്കാനും സന്നദ്ധരാവുന്നുണ്ട്. മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും വികാസത്തേയും പരമപ്രധാനമായി കാണുന്ന മാനവികവാദകാഴ്ചപ്പാടിന്റെ പിൻബലത്തിൽ മനുഷ്യന്റെ സ്വാതന്ത്ര്യമുന്നേറ്റത്തിനുള്ള ഉപാധിയായി പ്രണയത്തെ ആവിഷ്ക്കരിക്കാനാണ് ഉറൂബ് ശ്രമിക്കുന്നത്. പ്രണയികളായ കഥാപാത്രങ്ങൾ നേരിടുന്ന കലാപങ്ങളും അനുഭവിക്കുന്ന ദുരന്തങ്ങളും സൂക്ഷ്മതലത്തിൽ ചിത്രീകരിക്കുമ്പോൾ പ്രണയത്തെ ഒരു അടിസ്ഥാനസ്വാതന്ത്ര്യപ്രശ്നമായും സവിശേഷധാർമ്മികപ്രശ്നമായും ഉറൂബ് ഉയർത്തിക്കാണിക്കുന്നു.

ഉറൂബിന്റെ നോവലുകളിലെ പ്രണയാവിഷ്ക്കാരങ്ങളിൽ അടങ്ങിയിരിക്കുന്ന സ്വാതന്ത്ര്യബോധത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ വിവക്ഷകൾ ശ്രദ്ധേ

യമാണ്. പ്രണയത്തിന്റെ സാമൂഹികമാനങ്ങൾ തേടുമ്പോൾ, സമൂഹത്തിന്റെ അധികാരവ്യവസ്ഥകളിൽ നിന്നുള്ള സ്വാതന്ത്ര്യകാംക്ഷ, നൈസർഗ്ഗിക ചോദനകളോടൊപ്പം തന്നെ പ്രണയത്തിന്റെ ലക്ഷ്യമാണെന്നു കാണാനാവും. വർഗ്ഗം, മതം. ജാതി, കുലം, ദേശം തുടങ്ങി നിരവധി വർഗ്ഗീകരണങ്ങളെ അടിസ്ഥാനമാക്കിയുള്ള സാമൂഹികവ്യവസ്ഥീകരണങ്ങളെ നിഷേധിച്ചുകൊണ്ടാണ് പ്രണയം പ്രവർത്തിക്കുന്നത്. പ്രണയം ആത്മബോധത്തെയാണ് മുൻനിർത്തുന്നതെന്നതിനാൽ അത് സ്വാതന്ത്ര്യബോധത്തെ ഉദ്ദീപിപ്പിക്കുന്നു. ഉറൂബിന്റെ നോവലുകളിൽ പ്രണയം ഒരു സ്വാതന്ത്ര്യകലാപമായി നിരന്തരം ആവർത്തിക്കുമ്പോൾ വ്യക്തിയെ ഞെരുക്കുന്ന സാമൂഹികഘടനകളിൽ നിന്ന് വികസിതമായ ഒരു സാമൂഹ്യബോധത്തിലേക്കുള്ള പരിണാമത്തിന് അത് ദിശ കാണിക്കുന്നു. സ്വതന്ത്രവും മാനവികവുമായ സമൂഹം എന്ന ബൃഹദാഖ്യാനത്തിന്റെ ഉപാധിയായാണ് ഉറൂബ് പ്രണയത്തെ കാണുന്നത്.

സ്വത്വത്തെ ശാക്തീകരിക്കുകയും സ്വാതന്ത്ര്യബോധത്തെ വികസിപ്പിക്കുകയും ചെയ്യുന്ന രാസത്വരകമായാണ് പ്രണയം ഉറൂബിന്റെ കഥാപാത്രങ്ങളിൽ ഇടപെടുന്നത്. മാനവികവീക്ഷണത്തെ മുൻനിർത്തിയാണ് ഉറൂബ് പ്രണയങ്ങളെ ആവിഷ്ക്കരിക്കുന്നത്. ജീവനുള്ള മനുഷ്യർ തമ്മിലുള്ള വൈകാരികബന്ധം എന്ന പരിഗണന ഈ പ്രണയാവിഷ്ക്കാരങ്ങളിൽ കാണാം. പ്രണയത്തിൽ നിലനില്ക്കുന്ന വ്യക്തിസത്തയ്ക്ക് ആണ് ആത്യന്തികമായി പ്രാധാന്യം. സ്വത്വത്തിന്റെ സഹജഭാവങ്ങളുടെ ഉയിർപ്പ്, വ്യക്തിയുടെ മൗലികസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. സമൂഹത്തെ അഭിമുഖീകരിച്ചുകൊണ്ടുതന്നെ ഈ ഉയിർപ്പ് സാധ്യമാവുന്ന വിധത്തിൽ ഒരു സമൂഹബോധ നവീകരണം ഉറൂബിന്റെ നോവലുകൾ ബോധപൂർവ്വം ഉൾക്കൊള്ളുന്നുണ്ട്.

ആത്യന്തികമായി മനുഷ്യസ്വാതന്ത്ര്യത്തെ അടിസ്ഥാനമാക്കുന്നതാണ് ഉറൂബിന്റെ ദർശനം. ഈ സ്വാതന്ത്ര്യദർശനത്തിന്റെ വിവിധ വിവക്ഷകൾ വിശകലനം ചെയ്തതിലൂടെ ലഭിച്ച കണ്ടെത്തലുകൾ താഴെ ക്രോഡീകരിക്കുന്നു.

**I.** മാനവികബോധമാണ് ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തിന്റെ അടിസ്ഥാനഭാവം. മനുഷ്യന്റെ ആത്യന്തികനൻമയിലും മനുഷ്യമനസ്സിന്റെ ഉൽക്കർഷസാധ്യതകളിലും ഉറൂബിനുണ്ടായിരുന്ന ഉറച്ച വിശ്വാസം ഈ ദർശനത്തിൽ നിന്ന് ജനിക്കുന്നതാണ്.

1) മതം, വർഗ്ഗം, തുടങ്ങിയപരിഗണനകളിൽ നിന്ന് മാനുഷികതയുടെ തലത്തിൽ സ്വതന്ത്രരാവുന്ന വ്യക്തികളാണ് ഉറുബിന്റെ കഥാപാത്രലോകത്തിൽ ഏറെപ്പേ

രും. മനുഷ്യനെ അവന്റെ/അവളുടെ മാനുഷികതയിലൂന്നി വീണ്ടെടുക്കാനുള്ള ശ്രമം ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തിന്റെ കാതലാണ്. സഹജവികാരങ്ങളുടെ സ്വതന്ത്രമായ ആവിഷ്ക്കാരത്തിന് അവസരം ലഭിക്കുന്നതിലൂടെയാണ് സ്വാതന്ത്ര്യത്തിന്റെ മാനവിക തലം സാക്ഷാൽക്കരിക്കപ്പെടുന്നത് എന്ന് ഉറൂബ് സ്ഥാപിക്കുന്നുണ്ട്. മനുഷ്യമനസ്സിന്റെ സ്വതന്ത്രപ്രകാശനം സാധ്യമാവുന്ന വൈകാരികലോകത്ത് എല്ലാ മനുഷ്യരും സ്വതന്ത്രരായിത്തീരുന്നു. ജാതി, തറവാടിത്തം, മതം തുടങ്ങിയ വൈചാരികലോകത്തിന്റെ യുക്തികളെല്ലാം ഇവടെ ബാധകമല്ലാതാവുകയോ വിസ്മൃതമാവുകയോ ചെയ്യുന്നു. വൈകാരികാവിഷ്ക്കാരങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന സാഹചര്യങ്ങളിൽ മനുഷ്യനിർമ്മിതവർഗ്ഗീകരണങ്ങൾ അപ്രസക്തമായിത്തീരുന്നത് ഉറൂബ് ചിത്രീകരിച്ചിട്ടുണ്ട്. വൈകാരികസ്വാതന്ത്ര്യത്തിലൂടെയുള്ള മാനവികതയുടെ വീണ്ടെടുപ്പ് ഉറൂബിന്റെ എല്ലാ നോവലുകളിലും കാണാം.

2) സമൂഹബന്ധങ്ങളുടെ സൂക്ഷ്മഘടകങ്ങൾ അന്വേഷിക്കുന്നതിലൂടെ മതാതീതമായ വിനിമയബന്ധങ്ങളും സ്വതന്ത്രമായ മാനുഷികതയും ഉറൂബിന്റെ നോവലുകളുടെ ആന്തരപാഠമായി നില്ക്കുന്നു. മതപരമായ സാങ്കര്യങ്ങളുടെയും പരിവർത്തനങ്ങളുടെയും നാട്ടുപാരമ്പര്യകഥകളിലൂടെ മതാതീതമായ ഒരു മാനുഷികതയുടെ ഓർമ്മപ്പെടുത്തൽ ഉറൂബ് നിർവ്വഹിക്കുന്നുണ്ട്. കൂടിച്ചേരലിന്റെ വംശചരിത്രങ്ങളിൽ നിന്നാരംഭിച്ച് വളർന്ന ജീവിതത്തിന്റെ ഇങ്ങേയറ്റത്ത്, വീണ്ടും മതാതീതമായ വിവാഹത്തിൽ നിന്നുണ്ടാകുന്ന പുതിയ തലമുറയിലൂടെ ഒരു ചരിത്രവൃത്തത്തെ ആവിഷ്ക്കരിക്കുമ്പോൾ ഉറൂബിന്റെ സമഗ്രമാനവികവീക്ഷണം വ്യക്തമാവുന്നു. മതപരമായ അസ്തിത്വത്തിനപ്പുറത്ത് അനുസ്യൂതമായി ഒഴുകുന്ന ജീവിതപ്രവാഹത്തിന്റെ അന്തർധാരയായി മാനവികതയെ അടയാളപ്പെടുത്തുമ്പോൾ അതിന്റെ ഏകതാബോധവും സ്വാതന്ത്ര്യബോധവും പ്രകടമാണ്.

3) ഉറൂബിന്റെ നോവലുകളിൽ വെളിപ്പെടുന്ന രാഷ്ട്രീയബോധവും മാനവികസ്പർശമുള്ളതാണ്. വർഗ്ഗപരമായ പരിമിതികളിൽ നിന്ന് സ്വതന്ത്രരാവുന്ന മനുഷ്യരെക്കുറിച്ചുള്ള സ്വപ്നം ഉയർത്തിപ്പിടിക്കാനും അതിനായുള്ള മുന്നേറ്റങ്ങളിലെ പ്രത്യയശാസ്ത്രപരമോ നിലപാട് സംബന്ധിച്ചുള്ളതോ ആയ കടുംപിടുത്തങ്ങൾക്കപ്പുറം അവയിലെ മാനവികമൂല്യങ്ങളെ ആദരിക്കാനുമുള്ള സന്നദ്ധതയാണ് ഈ മാനവികരാഷ്ട്രീയബോധം. കമ്മ്യൂണിസം മുന്നോട്ടുവെക്കുന്ന മാനവികതലത്തെ അംഗീകരിക്കുമ്പോഴും അതിന്റെ വർഗ്ഗവിഭജനസിദ്ധാന്തത്തെ പൂർണമായി ഉൾക്കൊള്ളാൻ മാനവികതാവാദിയായ ഉറൂബിന് സാധിക്കുന്നില്ല. കൃത്യമായി അതിരുകൾ നിർണയിച്ച വർഗ്ഗ

ങ്ങളല്ല, മറിച്ച് മനുഷ്യനാണ് ഉറൂബിന്റെ ആത്യന്തികപ്രശ്നം. സാമൂഹികപുരോഗമനത്തിനുവേണ്ടിയുള്ള ഏതു വിപ്ലവത്തേയും അംഗീകരിക്കുമ്പോഴും ആ വിപ്ലവത്തിന്റെ മാർഗ്ഗം മാനവികതയിൽ അധിഷ്ഠിതമായിരിക്കണം എന്ന വീക്ഷണം ഉറൂബിന്റെ നോവൽപാഠങ്ങളിൽ തെളിഞ്ഞു നില്ക്കുന്നു. ഹിംസാത്മകവിപ്ലവത്തിന്റെ അർത്ഥരാഹിത്യത്തെ പ്രകടമായിത്തന്നെ ഉറൂബ് ചോദ്യം ചെയ്യുന്നുണ്ട്.

4) ജീവിതത്തിന്റെ ബാഹ്യവും ആന്തരികവുമായ സംഘർഷങ്ങളിലൂടെ തീവ്രമായി കടന്നുപോവുമ്പോഴും വിഷാദാത്മകത്വമല്ല, പ്രസാദാത്മകത്വമാണ് ഉറൂബിന്റെ നോവലുകളുടെ സമഗ്രധ്വനി. ആവർത്തിച്ചു വരുന്ന തിൻമകൾക്കും ക്രൂരതകൾക്കും സംഘർഷങ്ങൾക്കും അപ്പുറത്ത് ശുഭകരമായ ഒന്നിനുവേണ്ടി കാത്തിരിക്കുന്ന കഥാപാത്രങ്ങൾ, മനുഷ്യന്റെ നന്മയിലും മനസ്സിന്റെ സൗന്ദര്യത്തിലും വിശ്വസിക്കുന്ന പ്രസാദാത്മകദർശനത്തിൽ നിന്ന് ജനിക്കുന്നവരാണ്. സ്വതന്ത്രമാനവികതയെക്കുറിച്ചുള്ള പ്രസാദാത്മക വീക്ഷണം ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തിന്റെ പ്രധാന സവിശേഷതയാണ്.

**II.** കൂട്ടായ്മയുടെ പാരസ്പര്യത്തിലൂടെ സാധ്യമാവുന്ന സ്വാതന്ത്ര്യത്തിന്റെ ഉയർന്ന തലം ഉറൂബ് ആദർശാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്. വ്യക്തിയുടെ ഇച്ഛകളുടെയും സാമൂഹികവ്യവസ്ഥകളുടെയും സന്തുലിതമായ പ്രയോഗമാണ് സ്വാതന്ത്ര്യം എന്ന മാനവികവാദവീക്ഷണമാണ് ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തിന്റെ സാമൂഹികപരിപ്രേക്ഷ്യത്തിനടിസ്ഥാനം.

1) വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്ന സാമൂഹികാദർശമാണ് ഉറൂബിന്റെ കൃതികളിൽ തെളിയുന്നത്. സമൂഹത്തിന്റെ അഹംബോധം ഒരിക്കലും വ്യക്തിയുടെ സ്വാതന്ത്ര്യത്തിനു മീതെയായിക്കൂടാ എന്നു സൂചിപ്പിക്കുമ്പോഴും കേവലവ്യക്തിവാദത്തെയല്ല അത് അർത്ഥമാക്കുന്നത്. വ്യഷ്ടി-സമഷ്ടി ബന്ധത്തിലുണ്ടായിരിക്കേണ്ട സ്വാതന്ത്ര്യത്തിന്റെ പാരസ്പര്യത്തിലാണ് ഉറൂബ് ഊന്നുന്നത്. വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന സാമൂഹികഇടപെടലുകളുടെ പ്രസക്തിയെ ചോദ്യം ചെയ്യുമ്പോൾ തന്നെ സ്വന്തം സ്വാതന്ത്ര്യത്തെ സംരക്ഷിക്കാനും അതിനുള്ള അവകാശത്തിനുവേണ്ടി പൊരുതാനുമുള്ള വ്യക്തിയുടെ ബാധ്യതയെക്കുറിച്ചും ഉറൂബ് തന്റെ നോവൽ ആഖ്യാനങ്ങളിലൂടെ സൂചിപ്പിക്കുന്നുണ്ട്.

2) വ്യക്തിസ്വാതന്ത്ര്യം ഏറ്റവും പ്രധാനമായി ഉയർത്തിപ്പിടിക്കുമ്പോഴും വ്യക്തി സാമൂഹികമായാണ് ശാക്തീകരിക്കപ്പെടുന്നത് എന്ന കാഴ്ചപ്പാട് ഉറൂബിനുണ്ട്.

സ്വതന്ത്രമായ ഒരു സമൂഹക്രമത്തിലൂടെയാണ് ഈ ശാക്തീകരണം സംഭവിക്കുന്നത്. അപകർഷബോധം കൊണ്ടോ കുറ്റബോധം കൊണ്ടോ സ്വാതന്ത്ര്യവാഞ്ച കൊണ്ടുപോലുമോ ഒറ്റയാൻമാരായി നടക്കുന്ന പല കഥാപാത്രങ്ങളേയും ഉറൂബിന്റെ നോവലുകളിൽ കാണാം. എന്നാൽ ഏകാകിതകൊണ്ട് ജീവിതത്തിന് അതിരിട്ടു നടക്കുന്ന ഇത്തരം കഥാപാത്രങ്ങളെ സംഘവ്യക്തിത്വത്തിന്റെ സാധ്യതകളിലേക്ക് പരിണമിപ്പിച്ചുകൊണ്ടാണ് ഉറൂബ് ഇവരുടെ വളർച്ച പൂർത്തിയാക്കുന്നത്. സ്വതന്ത്രമായ സാമൂഹികതയിലേക്ക് ഉൾച്ചേരുമ്പോഴാണ് സ്വതന്ത്രവ്യക്തിത്വം പൂർണമാവുന്നതെന്ന ഈ വീക്ഷണം ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തിന്റെ ഭാഗമാണ്.

**III.** സ്വാതന്ത്ര്യം ലഭിക്കാനും അത് നിലനിർത്താനും വേണ്ടി വരുന്ന തീവ്രസമരങ്ങൾ ഉറൂബിന്റെ നോവലുകളുടെ ക്രിയാലോകത്തെ സംഘർഷഭരിതമാക്കുന്നുണ്ട്. സമൂഹബോധത്തോടോ സ്വത്വബോധത്തോടുതന്നെയോ പൊരുതി സ്വാതന്ത്ര്യം നേടുന്ന വ്യക്തി, അവന്റെ/അവളുടെ ആന്തരലോകത്ത് അനുഭവിക്കുന്ന സംഘർഷങ്ങൾ, ജയപരാജയങ്ങളുടെ ഭൗതികാർത്ഥങ്ങൾക്കുമപ്പുറത്തുള്ളതാണ്. വിജയം പരാജയവും പരാജയം വിജയവുമായിത്തീരുന്ന ആന്തരവൈരുദ്ധ്യങ്ങൾ ഉറൂബ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഭൗതികസ്വാസ്ഥ്യത്തിനു വേണ്ടി സ്വത്വത്തിന്റെ സ്വതന്ത്രഭാവത്തെയും സഹജബോധത്തെയും ബലി കഴിക്കുന്നതും സമൂഹോൻമുഖമായോ ഉത്തരവാദിത്തപൂർണമായോ അല്ലാതെ കേവലസ്വാതന്ത്ര്യത്തെ യാഥാർത്ഥ്യമാക്കുന്നതും ഒരേ പോലെ ദുരന്തങ്ങളിലേക്ക് ചെന്നെത്തുന്നതിന് ഉറൂബിന്റെ കഥാപാത്രങ്ങൾ സാക്ഷ്യം വഹിക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഈ വിരുദ്ധധ്രുവങ്ങളുടെ ആഖ്യാനത്തിലൂടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഒരു സന്തുലിതവീക്ഷണം ഉറൂബ് അവതരിപ്പിക്കുന്നു. സ്വതന്ത്രമായ സമൂഹത്തിലെ ഉത്തരവാദിത്തമുള്ള വ്യക്തി എന്ന മാനവികവാദസങ്കല്പത്തിൽ തന്നെയാണ് ഉറൂബിന്റെ വീക്ഷണം ഉറപ്പിച്ചുനിർത്തിയിരിക്കുന്നത്.

**IV.** മനുഷ്യജീവിതത്തെ അതിന്റെ സമഗ്രതയിൽ വീക്ഷിക്കുന്നതാണ് ഉറൂബിന്റെ സ്വാതന്ത്ര്യദർശനം. സ്വാതന്ത്ര്യത്തെ ആധാരമാക്കിയുള്ള ആന്തരികപ്രേരണകൾ, കൃത്യമായി അതിർവരമ്പുകളിട്ട സംസ്ക്കാരത്തിന്റെ കള്ളികളിൽ മനുഷ്യനെ ഉറപ്പിച്ചു നിർത്തുന്നില്ല എന്ന തിരിച്ചറിവ് അതിന്റെ ഭാഗമാണ്. സാമൂഹികാർത്ഥത്തിലുള്ള തിൻമയുടെ ലോകവും മനുഷ്യന്റെ സഹജപ്രേരണകളുടെ ഭാഗമാണ്. നൻമതിൻമകളുടെ ലോകത്തെ ഒരേ സമയം ഉള്ളിലേക്ക്

സ്വീകരിക്കുന്ന മനുഷ്യൻ, അവന്റെ/അവളുടെ സഹജപ്രേരണകളുടെ അടിസ്ഥാനത്തിൽ കൂടി വിലയിരുത്തപ്പെടേണ്ടതുണ്ട് എന്ന കാഴ്ചപ്പാട് ഉറൂബിനുണ്ടായിരുന്നു എന്ന് അദ്ദേഹത്തിന്റെ നോവൽ പാഠങ്ങൾ തെളിയിക്കുന്നു. മാനുഷികതയെക്കുറിച്ചുള്ള സമഗ്രദർശനത്തിന്റെ ഭാഗമാണത്. തിൻമയും അനുബന്ധവികാരങ്ങളും സാമൂഹികദൃഷ്ടിയിൽ അസുന്ദരങ്ങളായിരിക്കുമ്പോഴും അവ മനുഷ്യന്റെ സവിശേഷ ധാർമ്മികപ്രശ്നങ്ങൾ തന്നെയാണെന്ന ബോധ്യം മാനവികമാണ്. തെറ്റും ശരിയും നിർണയിക്കുന്ന സാമൂഹികമാനദണ്ഡങ്ങൾക്കപ്പുറം ശരിതെറ്റുകളുടെ സാമാന്യതയ്ക്കിടമില്ലാത്ത മനസ്സിന്റെ നിഗൂഢലോകത്തെ ഉറൂബ് ചിത്രീകരിക്കുന്നു. മനസ്സാണ് മനുഷ്യരുടെ സൗന്ദര്യത്തിന് നിദാനമായി വർത്തിക്കുന്നത്. അതു കൊണ്ട് നൻമ മാത്രമാണ് സൗന്ദര്യം എന്നു പറയാനാവില്ലെന്ന് ഉറൂബ് വ്യക്തമാക്കുന്നു. ഹൃദയവികാരങ്ങളോട് പുലർത്തുന്ന ആത്മാർത്ഥതയും സത്യസന്ധതയുമാണ് ഉറൂബിന്റെ കഥാപാത്രങ്ങളുടെ സൗന്ദര്യത്തെ നിർണയിക്കുന്നത്.

സ്വാതന്ത്ര്യം മനുഷ്യന്റെ മാനസികവും ഭൗതികവുമായ ക്രിയാലോകങ്ങളുടെ ആന്തരികപ്രേരണയാണ്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സ്വത്വത്തിന്റെ അടങ്ങാത്ത ആഗ്രഹങ്ങളാണ് മനുഷ്യന്റെ ക്രിയാകലാപങ്ങൾക്ക് അടിസ്ഥാനം. ഇത്തരം ക്രിയാകലാപങ്ങളിലൂടെയാണ് മനുഷ്യർ സുന്ദരികളും സുന്ദരൻമാരുമായിത്തീരുന്നതെന്നതിനാൽ സ്വാതന്ത്ര്യമെന്നത് മനുഷ്യന്റെ ജീവിതസൗന്ദര്യത്തിന്റെ അടിസ്ഥാനമൂല്യമായി ഉറൂബ് കരുതുന്നു. ഈ സമഗ്രവീക്ഷണം ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തെ കൂടുതൽ മാനവികമാകുന്നു.

V. വിമോചനാത്മകമായ ഒരു സ്ത്രൈണവീക്ഷണം ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തിന്റെ ഭാഗമാണ്. ഒരു അടഞ്ഞ ഘടനയിൽ നിന്നും സ്വത്വപരമായ ഉജ്ജീവനം നേടുന്നവർ ആണ് ഉറൂബിന്റെ സ്ത്രീകഥാപാത്രങ്ങൾ. സ്വത്വത്തിന്റെ അടിച്ചമർത്തലും അസ്വാതന്ത്ര്യവും നിരന്തരമായി അനുഭവിക്കുന്ന സ്ത്രീലോകയാഥാർത്ഥ്യത്തെക്കുറിച്ചുള്ള വിമർശനാത്മകമായ ബോധത്തിൽ നിന്നാണ് സ്വതന്ത്രമായ ഒരു സ്ത്രൈണസത്തയെ ഉറൂബ് അന്വേഷിക്കുന്നത്. സ്ത്രീ വിമോചിതയാകേണ്ടത് സ്വാതന്ത്ര്യത്തെ മുൻനിർത്തിയായിരിക്കണം എന്ന ബോധ്യം ഉറൂബിന്റെ സ്ത്രീകഥാപാത്രങ്ങളുടെ സൃഷ്ടിയിൽ തെളിഞ്ഞു കാണാം. സാമ്പ്രദായിക പുരുഷബോധത്തിന്റെ അനുഭവാവിഷ്ക്കാരപരിധിയിൽ നിന്ന് വേറിട്ട സ്വത്വവും വീക്ഷണവും തങ്ങൾക്കുണ്ടെന്ന് തെളിയിക്കുന്ന

ഈ സ്ത്രീകഥാപാത്രങ്ങൾ ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തിന് സമഗ്രത പകരുന്നുണ്ട്. പുരുഷബോധത്താൽ നിയന്ത്രിതമായ ഒരു സമൂഹഘടനയിൽ സ്ത്രീക്ക് സ്വതന്ത്രമായ ആത്മാവിഷ്ക്കാരം സാധ്യമാവുന്ന ഇടങ്ങൾ അന്വേഷിക്കുന്ന ഉറൂബിന്റെ സ്വാതന്ത്ര്യദർശനം ലിംഗപരിമിതികളിൽ നിന്ന് ഏറെക്കുറെ മുക്തമാണ്. വ്യക്തിസ്വാതന്ത്ര്യത്തെക്കുറിക്കുന്ന മാനവികവാദസങ്കൽപങ്ങളിലേക്ക് ഈ സ്ത്രൈണവീക്ഷണത്തിന്റെ ചാലുകൾ നീളുന്നുണ്ട്.

ഉറൂബിന്റെ സ്വാതന്ത്ര്യദർശനത്തിന്റെ വിവിധതലങ്ങളെത്തമ്മിൽ കൂട്ടിയിണക്കുന്ന ഒരു സമഗ്രസത്തയായാണ് മാനവികബോധം നിലകൊള്ളുന്നത്. മതവർഗ്ഗ ലിംഗപരിമിതികളിൽ നിന്ന് മുക്തമായ ഒരു മാനവികലോകത്തെക്കുറിച്ചുള്ള സ്വപ്നം ഈ ദർശനത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്. മത-വർഗ്ഗ-ലിംഗ പരിമിതികളിൽ നിന്നുള്ള മുക്തി അവയുടെ നിഷേധമല്ലെന്നത് ഏറെ പ്രസക്തമാണ്. ധാർമ്മികതയിലൂന്നിയ സ്വാതന്ത്ര്യം, നീതി, യുക്തി എന്നിവയെ ആധാരമാക്കുന്ന മതേതര മാനവികബോധമാണത്.

മാനവികബോധത്താൽ സ്വാധീനിക്കപ്പെട്ടതാണ് ഉറൂബിന്റെ ദർശനം. മാനവികവാദവീക്ഷണങ്ങളെ പൊതു പ്രത്യയശാസ്ത്രമായി സ്വീകരിച്ചിരുന്ന പൊന്നാനിക്കളരിയിലെ എഴുത്തുകാരിലൊരാളാണ് ഉറൂബ്. പ്രത്യയശാസ്ത്രപരമായ സാധർമ്മ്യം പുലർത്തിയിരുന്ന പൊന്നാനിക്കളരിയിലെ മറ്റ് എഴുത്തുകാരുടെ ദർശനങ്ങളുമായി ഒരു താരതമ്യപഠനത്തിനുള്ള സാധ്യതകൾ, ഈ ഗവേഷണപഠനം ശേഷിപ്പിക്കുന്നുണ്ട്.